# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1832 — 05.10.2016-ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.എ.കെ ബാലൻ (പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ചികിത്സാ ധനസഹായം കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതിക്കാർക്ക് അനുവദിച്ച ധനസഹായം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കൊടുത്തു തീർത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 70,65,000/-രൂപയും മലപ്പുറം ജില്ലയിൽ 50,00,000/-രൂപയും കണ്ണൂർ ജില്ലയിൽ 30,00,000/-രൂപയും കൊടുത്തു തീർക്കാനുണ്ട്.<br><br>മുൻ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ചികിത്സാ ധനസഹായം കൊടുത്തു തീർത്തിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെന്ന് വ്യക്തമാക്കാമോ? | (ബി) ഉണ്ട്. 31/08/2016 വരെ പട്ടികജാതിക്കാരായ **5754** പേർക്കും പട്ടികവർഗ്ഗക്കാരായ **80** പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

Dasheedas

**സെക്ഷൻ ഓഫീസർ**